# പതിനഞ്ചാം കേരള നിയമസഭ

## പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി
## (2021-2023)

**മൂന്നാമത് റിപ്പോർട്ട്**
**(2022 ജൂലൈ 20-ാം തീയതി സമർപ്പിച്ചത്)**

**(പാലക്കാട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട വിഷയങ്ങളെ സംബന്ധിച്ചുള്ളത്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

# പതിനഞ്ചാം കേരള നിയമസഭ

## പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി
## (2021-2023)

**മൂന്നാമത് റിപ്പോർട്ട്**
**(2022 ജൂലൈ 20-ാം തീയതി സമർപ്പിച്ചത്)**

(പാലക്കാട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട വിഷയങ്ങളെ സംബന്ധിച്ചുള്ളത്)

# ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | v |
| ആമുഖം | vii |
| റിപ്പോർട്ട് | 1 |

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി
# (2021-2023)

## ഘടന

<u>അദ്ധ്യക്ഷൻ</u>

ശ്രീ. ഒ. ആർ. കേളു

<u>അംഗങ്ങൾ</u>

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. എ. രാജ

ശ്രീ. വി. ശശി

ശ്രീ. പി. വി. ശ്രീനിജിൻ

ശ്രീ. പി. പി. സുമോദ്

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീമതി കവിതാ ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. സുരേഷ് കുമാർ കെ., അഡീഷണൽ സെക്രട്ടറി

ശ്രീമതി സുദർശന കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി മേബിൾ ആന്റണി, അണ്ടർ സെക്രട്ടറി

# ആമുഖം

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി (2021-23), പാലക്കാട് സർക്കാർ മെഡിക്കൽ കോളേജിലെ (Institute of Integrated Medical Sciences, Palaghat) സ്ഥിതിഗതികൾ നേരിട്ട് വിലയിരുത്തുന്നതിനായി 2022 മെയ് മാസം 5-ാംതീയതി പ്രസ്തുത മെഡിക്കൽ കോളേജ് സന്ദർശിക്കുകയും കോളേജ് കോൺഫറൻസ് ഹാളിൽ യോഗം ചേരുകയും വിവിധ വകുപ്പ് ഉദ്യോഗസ്ഥരുമായി മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. പ്രസ്തുത സന്ദർശനത്തിന്റെയും ഉദ്യോഗസ്ഥരുമായുള്ള ചർച്ചയുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതും പാലക്കാട് മെഡിക്കൽ കോളേജിന്റെ ഉന്നമനത്തിന് ഉതകുമെന്ന് സമിതി കരുതുന്നതുമായ ഏതാനും നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്.

2022 ജൂലൈ മാസം ..18..ാംതീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
18.07.2022.

ഒ. ആർ. കേളു,
അദ്ധ്യക്ഷൻ,
പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
സംബന്ധിച്ച സമിതി.

# റിപ്പോർട്ട്

പട്ടികജാതി പട്ടിക വർഗ്ഗങ്ങളുടേയും മറ്റ് ദുർബല വിഭാഗങ്ങളുടേയും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ താത്പര്യങ്ങളെ പ്രത്യേകം ശ്രദ്ധയോടുകൂടി അഭിവൃദ്ധിപ്പെടുത്തേണ്ടതും അവരെ സാമൂഹികമായ അനീതിയിൽ നിന്നും എല്ലാ വിധത്തിലുമുള്ള ചൂഷണങ്ങളിൽ നിന്നും സംരക്ഷിക്കേണ്ടതും രാജ്യത്തിന്റെ ഉത്തരവാദിത്തമാണെന്ന് ഭരണഘടനയുടെ 46-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യുമ്പോഴും രാജ്യത്ത് 20 കോടിയിലധികം വരുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ സമകാലീന ഇന്ത്യൻ സാമൂഹികാവസ്ഥയിൽ പലപ്പോഴും അവഗണിക്കപ്പെടുകയും മാറ്റി നിർത്തപ്പെടുകയും ചെയ്യുന്നു എന്നത് ഒരു വസ്തുതയാണ്. സമൂഹത്തിൽ പിന്നാക്കം നിൽക്കുന്നവർക്ക് മുഖ്യധാരയിലെത്താൻ വിദ്യാഭ്യാസം ആർജ്ജിക്കേണ്ടതും ആർജ്ജിച്ചവ ഉപയോഗിച്ച് തൊഴിൽ നേടേണ്ടതും അനിവാര്യമാണ്.

2. സാക്ഷരതയിൽ രാജ്യശരാശരി 73% ആണെന്നിരിക്കെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടേത് 54.69% ആണ് എന്നത് അന്തരം വ്യക്തമാക്കുന്ന കണക്കാണ്. രാജ്യത്തെ ജനസംഖ്യയുടെ 25 ശതമാനത്തോളം വരുന്ന ഒരു വലിയ ജനവിഭാഗത്തിലാണ് സാക്ഷരതയിൽ ഈ അന്തരം എന്നത് ശ്രദ്ധിക്കേണ്ടതാണ്. 93.91% സാക്ഷരതയുള്ള കേരളത്തിലാകട്ടെ ജനസംഖ്യയുടെ 9.1% വരുന്ന പട്ടികജാതിക്കാരുടെ സാക്ഷരത 88.7% വും പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാക്ഷരത 74.44% വും ആണ്. പ്രസ്തുത വിഭാഗങ്ങളിലെ സ്ത്രീ സാക്ഷരത നിരക്കും വളരെ കുറവാണ്. ഒരു സമൂഹത്തിന്റെ ഉന്നതിയുടെ അളവുകോൽ ആ സമൂഹത്തിലെ സ്ത്രീകൾ ആർജ്ജിക്കുന്ന പുരോഗതിയാണ് എന്ന ബി.ആർ. അംബേദ്കർ വചനം ഇതിന്റെ ഗൗരവം വിളിച്ചോതുന്നതാണ്.

3. ഒരു രാജ്യത്തിന്റെ സമഗ്ര വികസനം സൂചിപ്പിക്കുന്ന അളവു കോലാണ് മാനവ വികസന സൂചിക (Human Development Index). ദേശീയ വരുമാനം, സാക്ഷരത, ആയുർദൈർഘ്യം എന്നിവ HDI യുടെ മാനദണ്ഡങ്ങളാണ്.

എന്നാൽ സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ സാമ്പത്തികമായ മുന്നേറ്റം, ജനസംഖ്യയുടെ 25 ശതമാനത്തോളം വരുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ മാനവ വികസന സൂചിക മെച്ചപ്പെടുത്താൻ തക്ക രീതിയിൽ ഉപയോഗപ്പെട്ടില്ല എന്നത് ഒരു വസ്തുതയാണ്. ഇക്കൂട്ടരിൽ ബഹു ഭൂരിപക്ഷവും പാരമ്പര്യ തൊഴിലുകളിൽ ഏർപ്പെട്ട് രാജ്യത്തെ പോറ്റുകയും ദേശീയ ഉദ്പാദനത്തിലും അതുവഴി ദേശീയ വരുമാനത്തിലും നേരിട്ടും അല്ലാതെയും സംഭാവന ചെയ്യുകയും ചെയ്യുന്നു എന്നത് പലപ്പോഴും കാണാതെ പോകുന്നു.

4. വിദ്യാഭ്യാസം ആർജ്ജിച്ചാൽ മാത്രമേ ഏതൊരു വിഭാഗത്തിനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തുവാൻ സാധിക്കുകയുള്ളു. എന്നാൽ സങ്കീർണ്ണമായ ജീവിത സാഹചര്യങ്ങളും വരുമാനമില്ലായ്മയും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അനുഭവിക്കേണ്ടി വരുന്ന വേർതിരിവും അവഗണനയും ഈ വിഭാഗക്കാരെ വിദ്യാഭ്യാസം ആർജിക്കുന്നതിൽ നിന്നും പിറകോട്ടുവലിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇത്തരക്കാരുടെ കൊഴിഞ്ഞുപോക്ക് മറ്റ് വിഭാഗക്കാരെക്കാളും വളരെ കൂടുതലാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെട്ടതാണ് എന്ന് കാണാൻ സാധിക്കും. പൊതുവിദ്യാഭ്യാസം, പൊതു ആരോഗ്യ സംവിധാനം, സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ രക്ഷാകവചം തുടങ്ങിയവ കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിതത്തെ മെച്ചപ്പെടുത്തുന്നതിന് വളരെയധികം സഹായിച്ച ഘടകങ്ങളാണ്.

5. കേരള സംസ്ഥാനം നിലവിൽ വരുന്നതിന് വളരെ മുൻപ് തന്നെ പിന്നാക്ക ജനവിഭാഗങ്ങളനുഭവിച്ചിരുന്ന കഷ്ടതകൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിൽ ആരംഭിച്ചിരുന്നു.

6. 1956 ൽ കേരള സംസ്ഥാന രൂപീകരണത്തോടെ സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമവും വികസനവും ലക്ഷ്യമിട്ട് പ്രത്യേക വകുപ്പ് നിലവിൽ വരികയും വിദ്യാഭ്യാസാവസരങ്ങളും വിദ്യാഭ്യാസാനുകൂല്യങ്ങളും ഏർപ്പെടുത്തുകയും പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുകയും ചെയ്തു. ഇതോടെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഹോസ്റ്റലുകളിൽ താമസിച്ച് വിദ്യാഭ്യാസം നേടുന്നതിന് അവസരം ലഭിച്ചു. വെൽഫയർ സ്കൂളുകളും ട്രൈബൽ സ്കൂളുകളും സ്ഥാപിക്കുകയും പ്രതിമാസ സ്റ്റൈപന്റും ലംപ്സം ഗ്രാന്റും എല്ലാ പോസ്റ്റ് മെട്രിക് കോഴ്സുകൾക്കും അനുവദിക്കുകയും മാതൃകാ തൊഴിൽ കേന്ദ്രങ്ങളും ഐ.റ്റി.സി. കളും ബാലവാടികളും ആരംഭിക്കുകയും ചെയ്തു.

7. രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ എല്ലാവർക്കും

വിദ്യാഭ്യാസം, ഭവന രഹിതർക്ക് ഭവനം, ആരോഗ്യം, ശുചിത്വം, തൊഴിൽ പരിശീലനം, പരമ്പരാഗത തൊഴിൽ വികസനം, സഹകരണം തുടങ്ങി സകല മേഖലകളിലും പട്ടികജാതി/പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങൾക്ക് ക്ഷേമം കൈവരുത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്ന പ്രധാന വകുപ്പായി പ്രസ്തുത വകുപ്പ് മാറുകയും ചെയ്തു.

8. 1965 ൽ വകുപ്പിന് കീഴിലെ സഹകരണ സ്ഥാപനങ്ങൾ സഹകരണ വകുപ്പിനും വെൽഫയർ സ്കൂളുകൾ വിദ്യാഭ്യാസ വകുപ്പിനും കൈമാറി. പട്ടികജാതി പട്ടിക വർഗ്ഗ മേഖലയിലെ നരവംശ ശാസ്ത്രപഠന ഗവേഷണത്തിനായുള്ള കിർത്താഡ്സ് എന്ന സ്ഥാപനം 1970 ൽ നിലവിൽ വന്നു.

9. പിന്നീട് പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിന്റെ ഭാഗമായി വകുപ്പിനെ രണ്ടായി വിഭജിച്ച്, നിലവിലെ പട്ടികജാതി വികസന വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും നിലവിൽ വന്നു.

10. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേരള നിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി 1972 നവംബർ 1-ാം തീയതി രൂപീകൃതമായി. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമം സംബന്ധിച്ച് സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ പരിശോധിക്കുക, ഭരണഘടനയുടെ 335-ാം വകുപ്പിലെ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിലും അതിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള സർവ്വീസുകളിലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മതിയായ പ്രാതിനിധ്യം ഉറപ്പു വരുത്തുക, പ്രസ്തുത വിഭാഗങ്ങൾക്കായി നടപ്പാക്കുന്ന ക്ഷേമ പ്രവർത്തനങ്ങളും പദ്ധതികളും എത്രത്തോളം ഫലപ്രാപ്തിയിൽ എത്തുന്നുണ്ടെന്ന് പരിശോധിക്കുക, അവ ലക്ഷ്യപ്രാപ്തിയിൽ എത്തുന്നതിനുള്ള ഉപാധികളും മാർഗ്ഗങ്ങളും സർക്കാരിലേക്ക് ശിപാർശ ചെയ്യുക എന്നിവയാണ് പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ പ്രധാന കർത്തവ്യങ്ങൾ.

11. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പൊതുവായ ക്ഷേമത്തിനും വികസനത്തിനുമായി സമിതി സജീവമായി നിലകൊള്ളുന്നതിനാൽ പ്രശ്നപരിഹാരത്തിന്റെ അവസാന ആശ്രയമായി സാമാന്യജനങ്ങൾ നിയമസഭാ സമിതിയെ ആശ്രയിക്കുകയും, അവരുടെ പ്രശ്നങ്ങൾ അർഹിക്കുന്ന രീതിയിൽ, നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി പരിഹരിച്ചു കൊടുക്കുന്ന കാര്യത്തിൽ സമിതി

നിതാന്ത ജാഗ്രത പുലർത്തിവരികയും ചെയ്യുന്നു.

12. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി കാര്യമായ സർക്കാർ ഇടപെടലുകൾ വിവിധ തലങ്ങളിൽ ഉണ്ടെങ്കിലും അവരുടെ വിദ്യാഭ്യാസ പ്രശ്നങ്ങൾ, രാജ്യം 75-ാം സ്വാതന്ത്ര്യ ദിനം ആഘോഷിക്കുമ്പോഴും പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല. ഇവരെ പൊതുസമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ച് കൊണ്ടു വരുവാൻ ആധുനിക-വൽകൃത പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏറെ അനിവാര്യമാണ്.

13. അപ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് അർഹമായ പങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ 2014 ൽ രാജ്യത്ത് തന്നെ ആദ്യമായി പട്ടികജാതി വിഭാഗക്കാർക്ക് മാത്രമായി സ്ഥാപിതമായതാണ് **Institute of integrated medical sciences palaghat (Govt. Medical College Palaghat).** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നിയമപരമായി ലഭിക്കേണ്ട 10% സംവരണം ഉറപ്പാക്കുക എന്നതാണ് ഈ സ്ഥാപനം ആരംഭിച്ചതിന്റെ പ്രധാന ലക്ഷ്യം. എന്നാൽ 1951 ൽ കേരളത്തിൽ ആദ്യമായി സ്ഥാപിതമായ തിരുവനന്തപുരം മെഡിക്കൽ കോളേജ് മുതല് 2021-ൽ അവസാനം സ്ഥാപിതമായ വയനാട് മെഡിക്കൽ കോളേജ് വരെ താരതമ്യപ്പെടുത്തുകയാണെങ്കിൽ 2014-ൽ സ്ഥാപിതമായ പാലക്കാട് മെഡിക്കൽ കോളേജാണ് ഏറ്റവും ശോചനീയാവസ്ഥയിലുള്ളതെന്ന് മനസിലാക്കുവാൻ സാധിക്കും.

14. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പട്ടികജാതി വിഭാഗക്കാരുള്ള അട്ടപ്പാടി, നെല്ലിയാമ്പതി പോലെ ചികിത്സാ സൗകര്യങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന സംസ്ഥാനത്തെ തന്നെ ഏറ്റവും വലിയ ജില്ലയായ പാലക്കാട് ജില്ലക്ക് ആതുര ശുശ്രൂഷ രംഗത്ത് സ്വാശ്രയത്തമുണ്ടാക്കുക എന്നതുകൂടി മുന്നിൽ കണ്ടാണ് പാലക്കാട് മെഡിക്കൽ കോളേജ് (IIMS) സ്ഥാപിതമായത്. (GO (MS)72/12/SCSTDD Dated: 26.05.2012.)

എന്നാൽ, നിലവിൽ ഈ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം പൊതുജനങ്ങളുടെയും വിദ്യാർത്ഥികളുടെയും പ്രതീക്ഷയ്ക്കൊത്ത് ഉയർന്നിട്ടില്ലായെന്നും പ്രവർത്തനം ആരംഭിച്ച് ഏകദേശം എട്ട് വർഷം കഴിഞ്ഞിട്ടും ബാലാരിഷ്ടത വിട്ടുമാറാത്ത അവസ്ഥയിലാണ് ഇപ്പോഴും ഈ സ്ഥാപനമെന്നും സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

15. സ്വകാര്യ മേഖലയിൽപ്പോലും പൊതുജനങ്ങൾക്ക് മികച്ച ചികിത്സാ സംവിധാനം

ലഭ്യമല്ലാത്ത പാലക്കാട് ജില്ലയിൽ വിദഗ്ധ ചികിത്സയ്ക്കായി തൃശ്ശൂർ മെഡിക്കൽ കോളേജിനേയും, കോയമ്പത്തൂരിനേയുമാണ് ജനങ്ങൾ ആശ്രയിക്കുന്നതെന്നും അത് സാമ്പത്തികമായി ഏറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്നും, ആയതിനാൽ എയിംസ് നിലവാരത്തിലുള്ള ചികിത്സ ലഭ്യമാക്കുന്നതിനായി വിഭാവനം ചെയ്ത പാലക്കാട് മെഡിക്കൽ കോളേജ് ആശുപത്രിയുടെ പ്രവർത്തനം പരമാവധി വേഗത്തിൽ പൂർണ്ണതോതിൽ എത്തിക്കേണ്ടതുണ്ടെന്ന് വിലയിരുത്തിയ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി ഈ മെഡിക്കൽ കോളേജ് നേരിൽ സന്ദർശിച്ച് പഠനം നടത്തുന്നതിന് തീരുമാനിക്കുകയുണ്ടായി.

16. <u>**പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി (2021-23),**</u>

2022 മെയ് മാസം 5-ാം തീയതി പാലക്കാട് സർക്കാർ മെഡിക്കൽ കോളേജ് സന്ദർശിക്കുകയും മെഡിക്കൽ കോളേജ് കോൺഫറൻസ് ഹാളിൽ യോഗം ചേരുകയും പാലക്കാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം, നടത്തിപ്പ് എന്നിവ സംബന്ധിച്ച് മെഡിക്കൽ കോളേജ് അധികൃതർ, പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പ് ജില്ലാ ഉദ്യോഗസ്ഥർ, പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർ, അധ്യാപക അനധ്യാപക പ്രതിനിധികൾ, വിദ്യാർത്ഥി പ്രതിനിധികൾ, പി.റ്റി.എ. പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയും മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട വിഷയങ്ങളിലും മറ്റ് വിഷയങ്ങളിലും സമിതി മുമ്പാകെ സമർപ്പിക്കപ്പെട്ട ഹർജികൾ സ്വീകരിക്കുകയും ചെയ്തു. സന്ദർശനത്തിന്റെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

➔ <u>**മെഡിക്കൽ കോളേജിനായി സ്ഥലം ഏറ്റെടുക്കലും നിർമ്മാണ പ്രവൃത്തികളും.**</u>

17. പട്ടികജാതി വകുപ്പിന് കീഴിലുള്ള, രാജ്യത്തെ തന്നെ ഇത്തരത്തിലുള്ള ആദ്യത്തെ മെഡിക്കൽ കോളേജ്, പാലക്കാട് ജില്ലയിൽ യാക്കരയിലെ എസ്.സി. വകുപ്പിന്റെ 50 ഏക്കർ സ്ഥലത്ത് സ്ഥാപിക്കുവാൻ തീരുമാനിച്ചപ്പോൾ അക്കാദമിക് ബ്ലോക്ക്, മെയിൻ ബ്ലോക്ക്, ഹോസ്റ്റൽ, ഭൂഗർഭ ജലസംഭരണി, ചുറ്റുമതിൽ, ഹോസ്പിറ്റൽ ബ്ലോക്ക് എന്നിവയെല്ലാം ഉൾപ്പെടുത്തിയ 559.96 കോടി രൂപയുടെ മാസ്റ്റർ പ്ലാനാണ് തയ്യാറാക്കിയിരുന്നത്.

18. മെഡിക്കൽ കോളേജ് തുടങ്ങുവാൻ 50 ഏക്കർ ഭൂമിയും 100 കോടി രൂപയുമാണ് 2013-ൽ അനുവദിച്ചത്. 1987-ൽ ഇന്ത്യൻ ടെലിഫോൺ ഇന്റസ്ട്രീയ്ക്ക് (ITI), യാക്കര വില്ലേജിൽ സംസ്ഥാന സർക്കാർ അനുവദിച്ച 100 ഏക്കർ ഭൂമിയിൽ

ഉപയോഗിക്കാതെ കിടന്നിരുന്ന 72.77 ഏക്കർ തിരിച്ചെടുത്ത് അതിൽ നിന്നാണ് 50 ഏക്കർ ഭൂമി മെഡിക്കൽ കോളേജിനായി നൽകിയത്. പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് ഭൂമികൈമാറുന്നതിനായി 2013 ഫെബ്രുവരി 23 ന് റവന്യൂ വകുപ്പ് പുറപ്പെടുവിച്ച 66/2013/Rev നമ്പർ ഉത്തരവിൽ ഒരു വർഷത്തിനകം തന്നെ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കണമെന്നാണ് നിഷ്കർഷിച്ചിരുന്നത്.

19. GO (MS) 40/2015/SCSTDD dated: 03.06.2015, GO (MS) 49/2015/SCSTDD dated: 07.07.2015, GO (MS) 56/2015/SCSTDD dated: 29.07.2015 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം വിവിധ പ്രവർത്തികൾക്കായി 442.64 കോടി രൂപയുള്ള സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്.

20. 04.08.2015 ലെ GO (Rt) 1265/2015/SCSTDD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പാണ് പ്രവർത്തി നടപ്പിലാക്കേണ്ടത്. പദ്ധതിയുടെ കൺസൾട്ടന്റ് M/s Mathur & Kapre Associates, Newdelhi ആണ്.

21. പാലക്കാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം 2014-ൽ ആരംഭിച്ചുവെങ്കിലും ആയതിന് സ്ഥാപിത ലക്ഷ്യം കൈവരിക്കുവാൻ ഇനിയും ആയിട്ടില്ല.

➔ **<u>മെഡിക്കൽ കോളേജിന്റെ ഭരണ നിർവ്വഹണം.</u>**

22. 29.10.2012-ലെ GO(MS) 135/2012/SCST DD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1955 ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്ററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം 20.05.2015-ൽ TVM/TC/586/2015 നമ്പറിൽ രജിസ്റ്റർ ചെയ്ത Society for the institute of integrated medical sciences നാണ് മെഡിക്കൽ കോളേജിന്റെ ഭരണ ചുമതല. 26.05.2012 ലെ GO (MS) 72/12/SCSTDD സർക്കാർ ഉത്തരവ് പ്രകാരം നിയമിതനായ സ്പെഷ്യൽ ഓഫീസർ, നിർമ്മാണം പൂർത്തീകരിച്ച് മെഡിക്കൽ കോളേജ് ഭരണം ആയതിനായി രൂപീകരിച്ചിട്ടുള്ള സൊസൈറ്റിക്ക് കൈമാറേണ്ടതാണ്.

23. പ്രസ്തുത സൊസൈറ്റിയുടെ എക്സ്-ഓഫിഷ്യോ ചെയർമാൻ സംസ്ഥാന മുഖ്യമന്ത്രിയും വൈസ് ചെയർമാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയും കൺവീനർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസസ് ഡയറക്ടറുമാണ്. സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിയാണ്.

➔ **<u>മെഡിക്കൽ കോളേജിന്റെ അംഗീകാരവും വിദ്യാർത്ഥി പ്രവേശനവും.</u>**

24. കേരള ആരോഗ്യ സർവ്വകലാശാലയുടെ കീഴിലാണ് Institute of Integrated Medical Sciences, Palaghat പ്രവർത്തിക്കുന്നത്. 2014 മുതൽ ഓരോ വർഷവും 100 വിദ്യാർത്ഥികൾക്കാണ് പാലക്കാട് മെഡിക്കൽ കോളിൽ പ്രവേശനം ലഭിക്കുന്നത്. 70% പട്ടികജാതി വിദ്യാർത്ഥികൾ, 2% പട്ടികവർഗ്ഗ വിദ്യാർത്ഥികൾ, 13% സംസ്ഥാന മെരിറ്റ്, 15% അഖിലേന്ത്യാ ക്വാട്ട എന്ന തോതിലാണ് അഡ്മിഷൻ നൽകുന്നത്. നിലവിൽ 3 ബാച്ച് വിദ്യാർത്ഥികൾ പഠനം പൂർത്തീകരിച്ചു.

➔ **<u>കോളേജിന്റെ പ്രവർത്തനം</u>**

25. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ അല്ലാത്ത സംസ്ഥാനത്തെ ഏക മെഡിക്കൽ കോളേജാണ് പാലക്കാട് മെഡിക്കൽ കോളേജ്.

<u>അക്കാദമിക് പ്രവർത്തനം</u> :

26. 01.09.2014 മുതലാണ് കോളേജിന്റെ പ്രവർത്തനം ആരംഭിച്ചത്. 3 ബാച്ചുകൾ പഠനം പൂർത്തീകരിച്ച് കോളേജിൽ നിന്ന് ഇറങ്ങിയെങ്കിലും ക്ലിനിക്കൽ പരിശീലനത്തിനുള്ള സൗകര്യം ഈ മെഡിക്കൽ കോളേജിൽത്തന്നെ ആരംഭിക്കാത്തതും അധ്യാപക അനധ്യാപക നിയമനങ്ങളിലുള്ള വലിയ തോതിലുള്ള കുറവും കാരണം കുട്ടികൾക്ക് ആവശ്യമായ പഠന സാഹചര്യം പൂർണ്ണമായും സജ്ജീകരിക്കുവാൻ സാധിക്കാത്തത് പരിമിതിയായി നിലകൊള്ളുന്നു. ആദ്യ രണ്ട് ബാച്ചുകളിലായി പഠിച്ചിറങ്ങിയ വിദ്യാർത്ഥികളിൽ 19 പേർക്ക് തുടർന്ന് വിവിധ വിഷയങ്ങളിൽ എം.ഡി. പ്രവേശനം ലഭിച്ചിട്ടുണ്ട്.

<u>ക്ലിനിക്കൽ സൗകര്യങ്ങൾ :</u>

27. 17.02.2014 ലെ GO(Rt)543/2014/H&FWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പാലക്കാട് മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്ക് ക്ലിനിക്കൽ പഠനത്തിനായി പാലക്കാട് ജില്ലാ/സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലാണ് സൗകര്യം ചെയ്തിരിക്കുന്നത്. സ്പെഷ്യൽ ഓഫീസറും ഡി.എം.ഒ. യും സംയുക്തമായി ഒപ്പിട്ട കരാർ പ്രകാരമാണ് ആയത് സാധ്യമാകുന്നത്. പ്രസ്തുത കരാറിന്റെ കാലാവധി GO(Rt)768/2021/H&FWD dated: 26.03.2021 പ്രകാരം 16.02.2023 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

➔ **<u>അധ്യാപക അനധ്യാപക നിയമനം</u>**

28. മെഡിക്കൽ കോളേജിന്റെ പ്രവർത്തനം സുഗമവും ജനോപയോഗപ്രദവുമാകുവാൻ അധ്യാപക അനധ്യാപകരുടെ സേവനം അനിവാര്യമാണ്. അധ്യാപക അനധ്യാപക നിയമനങ്ങളിലെ കുറവ് കോളേജിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. അധ്യാപക തസ്തികകളിൽ 185 ഉം അനധ്യാപക തസ്തികകളിൽ 224 ഉം ചേർത്ത് ആകെ 409 തസ്തികകൾ നാളിതുവരെ പാലക്കാട് മെഡിക്കൽ കോളേജിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിൽ അധ്യാപക തസ്തികകളിൽ പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ ഉൾപ്പെടെ 134 പേർ മാത്രമേ നിയമിതരായിട്ടുള്ളൂ. ആയതിൽ 10 പേർ റീ എംപ്ലോയ്മെന്റ് വ്യവസ്ഥയിലും 10 പേർ കോൺട്രാക്ട് അടിസ്ഥാനത്തിലുമാണ് സേവനമനുഷ്ഠിക്കുന്നത്. 3 സബ്ജക്ട് എക്സ്പെർട്ട്സ് അടങ്ങുന്ന സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയുടെ അനുസൃതമായാണ് നിലവിൽ അധ്യാപക തസ്തികകളിലേക്ക് നിയമനം നടത്തുന്നത്.

**സൃഷ്ടിക്കപ്പെട്ടതും, NMC (National Medical Council) മാനദണ്ഡപ്രകാരം ആവശ്യമുള്ളതും, നിലവിൽ നിയമിക്കപ്പെട്ടിട്ടുള്ളതുമായ അധ്യാപകരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| *Designation* | *Created Post* | *Post required as per NMC norms* | *Staff at present* |
|---|---|---|---|
| Professor | 19 | 18 | 10 |
| Associate Professor | 27 | 29 | 18 |
| Assistant Professor | 55 | 44 | 48 |
| Senior Resident | 13 (Re-designated as Assistant Professor except 1 post in Pathology Dept. & 2 faculty without PG, continuing as SR) | 59 (Bond SR) | 2 |
| Lecturer | 69 | - | 55 |
| Vice Principal | 1 | | |
| Principal | 1 | 1 | 1 |
| **Total** | **185** | **151** | **134** |

<u>അനധ്യാപകരുടെ നിയമനം</u>

29. 03.12.2016-ലെ സർക്കാർ ഉത്തരവ് GO (MS) 105/2016/SCSTDD പ്രകാരം

123 ഉം 07.01.2021 ലെ GO (MS) 02/2021/SCSTDD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 101 ഉം അനധ്യാപക തസ്തികകളാണ് പാലക്കാട് മെഡിക്കൽ കോളേജിൽ സൃഷ്ടിച്ചിട്ടുള്ളത്. Institute of Management in Government, TVPM (IMG) 2014-ൽ നടത്തിയ എഴുത്തു പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ 40 അനധ്യാപകരെ സ്ഥാപനത്തിൽ നിയമിച്ചിട്ടുണ്ട്. ആയതിൽ 38 പേരുടെ നിയമനങ്ങൾ regularise ചെയ്യുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതു കൂടാതെ സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സേചേഞ്ച് മുഖേനയും സ്ഥാപനം നേരിട്ടും നിയമിച്ചിട്ടുണ്ട്.

➔ **ഫണ്ടിന്റെ ലഭ്യത:**

30. മെഡിക്കൽ കോളേജിന്റെ ചെലവുകൾക്കായി നിലവിൽ തുക വകയിരുത്തുന്നത് 2225-01-277-57-34(P) എന്ന ബഡ്ജറ്റ് ശീർഷകത്തിലാണ്. ആയത് പട്ടികജാതി വിദ്യാർത്ഥികളുടെ പഠനത്തിനായുള്ളതാണ്. അനുവദിക്കപ്പെടുന്ന ഫണ്ട് എസ്.സി. വകുപ്പ് ഡയറക്ടർ മുഖേനയാണ് മെഡിക്കൽ കോളേജിന്റെ പി.ടി.എസ്.ബി. അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നത്. മെഡിക്കൽ കോളേജിന്റെ ഭരണ ചെലവുകൾക്ക് മാത്രമായി 2225-01-277-54(N) എന്ന ശീർഷകം ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിലേക്ക് 2015-16 സാമ്പത്തിക വർഷം മുതൽ 1000/- രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. നിലവിൽ ശമ്പളമുൾപ്പെടെയുള്ള ചെലവുകൾ പ്ലാൻ ഫണ്ടിൽ നിന്നുമാണ് ചെലവാക്കുന്നത്. മെഡിക്കൽ കോളേജിന്റെ പണമിടപാടുകൾക്കായി ഡയറക്ടറുടെ പേരിൽ പാലക്കാട് ജില്ലാ ട്രഷറിയിൽ 2 ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടുകളും പാലക്കാട് എസ്.ബി.ഐ.യിൽ ഒരു ബാങ്ക് അക്കൗണ്ടും ഉണ്ട്. മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 4225-01-277-89-(Plan) എന്ന ഹെഡ് ഓഫ് അക്കൗണ്ടിലാണ് തുക വകയിരുത്തുന്നത്. 2022-23 വാർഷിക ബഡ്ജറ്റിൽ ആയതിലേക്കായി 70 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

➔ **മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

31. മെഡിക്കൽ കോളേജിന്റെ രൂപകൽപനയും ഡി.പി.ആർ. സമർപ്പണവും M/s. Mathur and Kapre അസോസിയേറ്റ് ആണ് നിർവ്വഹിച്ചിട്ടുള്ളത്.

32. നിലവിൽ അക്കാഡമിക് ബ്ലോക്ക്, മെഡിക്കൽ കോളേജ് ബ്ലോക്കിന്റെ 2-ാം നിലവരെ, ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റൽ, 28 ലക്ഷം ലിറ്റർ

കപ്പാസിറ്റിയുള്ള ഭൂഗർഭ ജലസംഭരണി (Under ground water tank), ഹോസ്പിറ്റൽ ബ്ലോക്കിന്റെ പൈപ്പ് ലൈൻ, ചുറ്റുമതിൽ, ഗേറ്റ്, ഗാർഡ് ഹൗസ് എന്നിവയുടെ ആദ്യഘട്ട നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

33. മെഡിക്കൽ കോളേജിന്റെ ആശുപത്രി ബ്ലോക്കിന്റെ ഭാഗമായ ഒ.പി. ഡിപ്പാർട്ട്മെന്റ്, ഓപ്പറേഷൻ തിയേറ്റർ & വാർഡ് ബ്ലോക്ക് എന്നിവയുടെയും, ഇലക്ട്രിക് സബ്സ്റ്റേഷൻ, ആശുപത്രിയുടെ ഇലക്ട്രോണിക് വർക്കുകൾ, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (STP), ഇലക്ട്രോണിക് സബ് സ്റ്റേഷനിൽ (ESS) നിന്നും ആശുപത്രി ബ്ലോക്കിലേക്കുള്ള കേബിളിംഗ് പ്രവൃത്തികൾ എന്നിവ നടന്നു വരുന്നു.

34. മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ, മോർച്ചറി ബിൽഡിംഗ്, മെഡിക്കൽ കോളേജ് കാമ്പസിനുള്ളിലെ റോഡ് നിർമ്മാണം, ഡ്രെയ്നേജ് സംവിധാനങ്ങൾ, സ്ട്രീറ്റ് ലൈറ്റിംഗ് സംവിധാനം, ഇന്റേർണുകളുടെ ഹോസ്റ്റൽ, മോഡ്യുലാർ ഓപ്പറേഷൻ തിയേറ്റർ, മോഡ്യുലാർ ലാബ് സജ്ജീകരണം എന്നീ പ്രവർത്തികൾ ആരംഭിക്കേണ്ടതുണ്ട്.

➔ **മെഡിക്കൽ കോളേജിൽ ലഭ്യമാകുന്ന സേവനങ്ങൾ**

35. ജനറൽ മെഡിസിൻ, ജനറൽ സർജറി, ഇ.എൻ.റ്റി, ഓഫ്താൽമോളജി ഉൾപ്പെടെ 8 വിഭാഗങ്ങളിൽ ഒ.പി. സേവനം പരിമിതമായ നിലയിൽ ലഭ്യമാണ്. കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിൽ മെഡിക്കൽ കോളേജ് ആശുപത്രി കോവിഡ് സെക്കന്റ് ലയിൻ ട്രീറ്റ്മെന്റ് സെന്ററായി പ്രവർത്തിച്ചിരുന്നു (CSLTC).

36. പാലക്കാട് മെഡിക്കൽ കോളേജ് നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് കോളേജിന്റെ പ്രവർത്തനം പൂർണ്ണതോതിൽ സാദ്ധ്യമാക്കണമെന്നും എട്ട് വിഭാഗങ്ങളിൽ ഒ.പി. പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടുണ്ടെങ്കിലും ഇപ്പോഴും കിടത്തി ചികിത്സ ആരംഭിച്ചിട്ടില്ലെന്നും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായാൽ മാത്രമേ മെഡിക്കൽ കോളേജ് എന്ന നിലയിൽ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ എന്നും മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ സമിതി മുമ്പാകെ ബോധിപ്പിച്ചു.

37. നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി ആരായുകയുണ്ടായി. പാലക്കാട് മെഡിക്കൽ കോളേജിന്റെ അക്കാദമിക് ബ്ലോക്കായി ജില്ലാ ആശുപത്രിയാണ് നിലവിൽ പ്രവർത്തിക്കുന്നതെന്നും കുട്ടികളുടെ പരിശീലനവും

ഡോക്ടർമാരുടെ പരിശോധനയും നടന്നുവരുന്നത് അവിടെയാണെന്നും ആശുപത്രിയുടെ മുഴുവൻ പ്രവർത്തനവും പുതിയ കെട്ടിടത്തിലേയ്ക്ക് കൊണ്ടുവരികയെന്നത് തന്നെയാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം എന്നും 8 വിഭാഗങ്ങളുടെ ഒ.പി. നിലവിൽ ആരംഭിച്ചിട്ടുണ്ടെങ്കിലും ലാബും മറ്റ് അനുബന്ധ സൗകര്യങ്ങളും ആശുപത്രിക്ക് ആവശ്യമായ പരിശോധനാ ഉപകരണങ്ങളുടെ ലഭ്യതയും ഉറപ്പുവരുത്തിയാൽ മാത്രമേ ആശുപത്രിയെ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കാൻ സാധിക്കുകയുള്ളൂ എന്നും കെട്ടിടത്തിന്റെ പ്രധാന പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെങ്കിലും ഫിനിഷിംഗ് വർക്കുകൾ ബാക്കി നിൽക്കുകയാണ് എന്നും പ്രത്യേക ക്ഷണിതാവായി യോഗത്തിൽ പങ്കെടുത്ത സ്ഥലം എം.എൽ.എ. ശ്രീ. ഷാഫി പറമ്പിൽ അഭിപ്രായപ്പെട്ടു.

38. മെഡിക്കേറ്റഡ് ഗ്യാസിന്റെ ലഭ്യതയ്ക്കായി ഓവർഹെഡ് പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട പ്രവൃത്തികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ, സീലിംഗിന്റെ പ്രവൃത്തികൾ പൂർത്തിയാക്കാൻ പി.ഡബ്ല്യു.ഡി. വകുപ്പ് സന്നദ്ധമാണെങ്കിൽ പോലും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് മുമ്പേ സീലിംഗിന്റെ പ്രവൂർത്തികൾ ചെയ്താൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഈ സീലിംഗുകൾ പൊളിച്ച് മാറ്റേണ്ടതായി വരും എന്നത് അധിക ചെലവിന് കാരണമാകും എന്നതിനാൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന മെഡിക്കേറ്റഡ് ഗ്യാസ് ലൈൻ സ്ഥാപിക്കുന്ന പ്രവർത്തികൾ പൂർത്തിയാക്കിയെങ്കിൽ മാത്രമേ പി.ഡബ്ല്യു.ഡി.ക്ക് അവർക്ക് അനുവദിക്കപ്പെട്ട സമയ പരിധിക്കുള്ളിൽ പ്രവർത്തികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ എന്നും ഓരോ തവണയും പി.ഡബ്ല്യു.ഡി.യുടെ സമയപരിധി മാറ്റി നിശ്ചയിക്കുകയാണ് ചെയ്യുന്നതെന്നും നിലവിൽ 2022 മേയ് മാസത്തിൽ പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുകയാണെന്നും ഓവർലാപ്പിംഗ് വർക്കാണ് പി.ഡബ്ല്യു.ഡി. ഇന്ന് നേരിടുന്ന പ്രധാന പ്രശ്നം എന്നും മെഡിക്കൽ സർവ്വീസ് കോർപ്പറേഷനെ ഏൽപ്പിച്ച മെഡിക്കേറ്റഡ് ഗ്യാസ് ലൈൻ സ്ഥാപിക്കൽ വർക്ക് പൂർത്തീകരിച്ചാൽ ഈ ഓവർലാപ്പിംഗ് ഒഴിവാക്കാൻ സാധിക്കുന്നതാണ് എന്നും യോഗത്തിൽ വ്യക്തമാക്കപ്പെട്ടു.

39. മെഡിക്കൽ കോളേജ് ക്യാമ്പസിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം ഏൽപ്പിച്ചിരിക്കുന്നത് IRTC (Integrated Rural Techonlogy Centre) മുണ്ടൂർനെയും സംമ്പ് നിർമ്മാണ പ്രവൃത്തികൾ പി.ഡബ്ല്യു.ഡി.യുടെ പരിധിയിലുമാണ്

വരുന്നത്. എന്നാൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും സംമ്പും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രവൃത്തി ആരാണ് ചെയ്യേണ്ടത് എന്നത് ഇനിയും തീരുമാനിക്കപ്പെട്ടിട്ടില്ല എന്നും ഇത്തരത്തിലുള്ള ഏകോപനമില്ലായ്മയാണ് ഒരു പ്രധാന പ്രശ്നം എന്നതും സമിതിയ്ക്ക് ബോധ്യപ്പെട്ടു.

40. മെഡിക്കൽ കോളേജിന്റെ ആവശ്യത്തിനായുള്ള സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ 80 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായും പ്രവർത്തന സജ്ജമാകാൻ 2 മാസം കൂടി വേണ്ടി വരുമെന്നും മെഡിക്കൽ കോളേജിലെ ഇന്റേണൽ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്കുള്ള 7.5 കോടി രൂപയുടെ ടെണ്ടർ നടപടികൾ ആയിട്ടുണ്ടെന്നും കോളേജിന് ഒരു ബോയിലർ ആവശ്യമായിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

41. മെഡിക്കൽ കോളേജിനായി സ്ഥലമേറ്റെടുക്കുന്ന അവസരത്തിൽ സംസ്ഥാന സർക്കാർ പാലക്കാട് ഐ.ടി.ഐ.ക്ക് മുമ്പ് നൽകിയിരുന്നതും എന്നാൽ ഉപയോഗിക്കാതെ കിടന്നതുമായ 77 ഏക്കർ സ്ഥലമാണ് തിരിച്ചെടുത്തതെന്നും എന്നാൽ അതിൽ 50 ഏക്കർ മാത്രമാണ് മെഡിക്കൽ കോളേജിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറിയിട്ടുള്ളതെന്നും 22 ഏക്കർ ഇപ്പോഴും റവന്യൂ വകുപ്പിന്റെ കൈവശത്തിലാണുള്ളതെന്നും സമിതിയ്ക്ക് ബോധ്യപ്പെടുകയുണ്ടായി. സംസ്ഥാനത്തെ മറ്റ് മെഡിക്കൽ കോളേജുകളുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും കുറവ് ഭൂമിയുള്ളത് പാലക്കാട് മെഡിക്കൽ കോളേജിനാണ് എന്നതിനാലും മെഡിക്കൽ കോളേജിന്റെ ഭാവി വികസനത്തിന് നിലവിൽ ലഭ്യമായ ഭൂമി തികച്ചും അപര്യാപ്തമാണെന്നതിനാലും റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ബാക്കി ഭൂമി എത്രയും വേഗം മെഡിക്കൽ കോളേജിന് കൈമാറണമെന്നും കോളേജിൽ പി.ജി. കോഴ്സും നഴ്സിംഗ് പാരാമെഡിക്കൽ കോഴ്സുകളും ആരംഭിക്കുവാൻ നടപടി സ്വീകരിക്കണമെന്നുമുള്ള ആവശ്യങ്ങൾ ബന്ധപ്പെട്ടവർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായ്.

42. പാലക്കാട് മെഡിക്കൽ കോളേജിലെ വാർഷിക പരീക്ഷാഫലം മോശമായതുമായി ബന്ധപ്പെട്ട പത്രവാർത്ത സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഫസ്റ്റ് ഇയർ ബാച്ചിലെ കുട്ടികളുടെ കാര്യത്തിലാണ് അത്തരത്തിലുള്ള ഒരു വാർത്ത വന്നതെന്നും ഓൺലൈൻ ക്ലാസ്സുമായി ബന്ധപ്പെട്ട് കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളിലും സമാന സാഹചര്യങ്ങളായിരുന്നെന്നും എന്നാൽ സേ പരീക്ഷ കഴിഞ്ഞപ്പോൾ വിജയശതമാനം 94% മായി ഉയർന്നിട്ടുണ്ടെന്നും കോളേജ് പ്രിൻസിപ്പൽ

സമിതിയെ അറിയിച്ചു.

43. അക്കാദമിക നിലവാരം കൊണ്ടും ഡോക്ടർമാരുടെ സേവനം കൊണ്ടും പാലക്കാട് മെഡിക്കൽ കോളേജിനെപ്പറ്റി മികച്ച പ്രതികരണമാണ് പൊതുജനങ്ങൾക്കുള്ളതെന്നും ഇവിടെ നിന്ന് പഠിച്ചിറങ്ങിയ പത്തൊൻപതോളം കുട്ടികൾക്ക് പി.ജി.കോഴ്സുകൾക്ക് അഡ്മിഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും പാസാവാനുള്ള കുറച്ച് കുട്ടികളുടെ കാര്യത്തിൽ ഒരു സ്പെഷ്യൽ കേസായി കണ്ടുകൊണ്ടുള്ള പ്രവർത്തനവും നടന്നുവരുന്നുണ്ട് എന്നും തുടർന്നു പറഞ്ഞു.

44. മെഡിക്കൽ കോളേജിന് അടിയന്തരമായി കൂടുതൽ ബഡ്ജറ്ററി സപ്പോർട്ട് ലഭ്യമാക്കിയില്ലെങ്കിൽ കോളേജിന്റെ മുന്നോട്ടുള്ള പ്രവർത്തനം വളരെ സങ്കീർണ്ണമാകുമെന്ന ആശങ്ക യോഗത്തിൽ ഉയർന്നു. പ്ലാൻ ഫണ്ടിൽ നിന്നുള്ള തുക ചെലവഴിച്ചാണ് നിലവിൽ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം മുന്നോട്ട് പോകുന്നത് എന്നതിനാൽ പ്ലാൻ ഫണ്ടിന് പുറമേ ബഡ്ജറ്റ് വിഹിതമായി നല്ലൊരു തുക വാർഷിക ഗ്രാന്റായി ലഭിച്ചാൽ മാത്രമേ കോളേജിന് ഇനി മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ആയതിന് സമിതിയുടെ ഇടപെടൽ ഉണ്ടാകണമെന്ന് യോഗം അഭ്യർത്ഥിക്കുകയും ചെയ്തു.

45. കോളേജിനായി അനുവദിച്ചിട്ടുള്ള 185 സ്ഥിരം അധ്യാപക തസ്തികകളിൽ 134 പേരെ നിയമിച്ചിട്ടുണ്ടെന്നും 54 തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണെന്നും സർജറി ഉൾപ്പെടെയുള്ള വിഭാഗങ്ങളിൽ 8 വർഷം വരെ പ്രവർത്തി പരിചയമുള്ള ഡോക്ടർമാരെ നിയമിച്ചാൽ മാത്രമേ നാഷണൽ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കുകയുള്ളൂ എന്നതിനാൽ എൻ.എം.സി. ഇൻസ്പെക്ഷൻ സമയത്ത് അധ്യാപകരുടെ കുറവ് പ്രതിസന്ധി സൃഷ്ടിക്കുവാൻ ഇടയുണ്ടെന്നും അധ്യാപക പ്രതിനിധികൾ സമിതിയെ അറിയിച്ചു.

46. മെഡിക്കൽ വിദ്യാർത്ഥികളുടെ മെസ്, സ്പോർട്സുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ, ഹൗസ് സർജൻസി വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യം എന്നിവയില്ലാത്തത് മൂലം നിരവധി ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്നും, നിലവിൽ ആൺകുട്ടികളുടെ ഹോസ്റ്റലിന്റെ രണ്ട് ഫ്ലോർ ആണ് താല്ക്കാലികമായി ഹൗസ് സർജൻസിയിലെ പെൺകുട്ടികൾക്കായി മാറ്റി വച്ചിരിക്കുന്നതെന്നും നിലവിൽ ആൺകുട്ടികളുടെ എണ്ണം കുറവായതിനാലാണ് ആയത് സാധ്യമാകുന്നതെന്നും ഹൗസ്സർജൻസിനുള്ള ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി

ലഭിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല എന്നും മെസ്സിന് സ്വന്തമായി കിച്ചണില്ലാത്തതിനാൽ ഭക്ഷണ വിതരണ സംവിധാനം തൃപ്തികരമല്ലെന്നും മെഡിക്കൽ കോളേജിന്റെ യാത്രാ ആവശ്യങ്ങൾക്കായി നിലവിൽ വാഹനങ്ങൾ ലീസിന് എടുത്തിരിക്കുകയാണെന്നും അതിന്റെ വാർഷിക ചെലവ് വളരെ ഭീമമായതിനാൽ മെഡിക്കൽ കോളേജിന് സ്വന്തമായി ഒരു ബസ് ഉൾപ്പെടെയുള്ള വാഹന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ടെന്നും, പണി പൂർത്തീകരിച്ച വർക്കുകളുടെ ഏതാണ്ട് 14 കോടി രൂപയുടെ ബില്ലുകൾ ഉൾപ്പെടെ മൊത്തം 63 കോടി രൂപയുടെ ബില്ലുകൾ കുടിശ്ശികയാണെന്നാണ് പി.ഡബ്ല്യു.ഡി. അറിയിച്ചിട്ടുള്ളതെന്നും, മോർച്ചറി, ഇന്റേണൽ റോഡ്, Sewage Treatment Plant (STP) എന്നിവയുടെ വർക്കുകൾ പൂർത്തിയാക്കുവാനുണ്ടെന്നും ബന്ധപ്പെട്ടവർ സമിതിയെ ബോധിപ്പിച്ചു.

47. മെഡിക്കൽ കോളേജ് ഹോസ്റ്റലിൽ, നിലവിൽ പാലക്കാട് ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ നിന്നുള്ള കോൺട്രാക്ടർമാരാണ് ആഹാര വിതരണം നടത്തുന്നതെന്നും പലപ്പോഴും ഭക്ഷ്യയോഗ്യമല്ലാത്തവ വിതരണം ചെയ്യുന്നതിനാൽ വിദ്യാർത്ഥികൾക്ക് ആരോഗ്യപ്രശ്നങ്ങൾ പതിവാണെന്നും ഹോസ്റ്റലിന് സ്വന്തം നിലയിൽ മെസ് സംവിധാനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും കോളേജിൽ നിന്നും ഹോസ്റ്റലിലേയ്ക്ക് പോകുന്ന റോഡിന്റെ ശോചനീയാവസ്ഥ പരിഹരിച്ച് സഞ്ചാരയോഗ്യമാക്കണമെന്നും വിദഗ്ദ്ധരായ അദ്ധ്യാപകരുടെ കുറവ് പരിഹരിക്കണമെന്നും നിലവിൽ മെഡിക്കൽ കോളേജിൽ ഐ.പി. സംവിധാനം ആരംഭിച്ചിട്ടില്ലാത്തതിനാൽ വാർഡ് സ്റ്റഡിക്കായി ജില്ലാ ആശുപത്രിയെ ആശ്രയിക്കുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെന്നും ആയതിനാൽ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം പൂർണ്ണ തോതിൽ സജ്ജമാക്കണമെന്നും വിദ്യാർത്ഥികളുടെ കലാകായിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കണമെന്നും കുടിവെള്ള വിതരണ സംവിധാനങ്ങൾ ഒരുക്കണമെന്നുമുള്ള ആവശ്യങ്ങൾ വിദ്യാർത്ഥി പ്രതിനിധികൾ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി.

48. പൊതു ആവശ്യങ്ങൾക്കുള്ള പാലക്കാട് നഗരസഭയുടെ സെപ്റ്റേജ് പ്ലാന്റ് കോളേജ് ക്യാമ്പസിൽ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ടെന്നും ആയത് കോളേജിന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്കും ഭൂമിയുടെ ലഭ്യതയ്ക്കും വിഘാതം സൃഷ്ടിക്കുമെന്നതിനാൽ ആയതിനെതിരെ നടപടി സ്വീകരിക്കണമെന്നും വിദ്യാർത്ഥി പ്രതിനിധികൾ സമിതി മുമ്പാകെ അഭ്യർത്ഥിച്ചു.

49. സൃഷ്ടിക്കപ്പെട്ട അനധ്യാപക തസ്തികകളിലേക്ക് 2014-ൽ തന്നെ നിയമിതരായ തങ്ങളെ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും റെഗുലറൈസ് ചെയ്തിട്ടില്ല എന്നും ആയതിനാൽ നിയമനം റഗുലറൈസ് ചെയ്ത് ഈ വിഭാഗത്തിലുള്ള 38 ജീവനക്കാരെയും സ്ഥിരം ജീവനക്കാരായി കണക്കാക്കിക്കൊണ്ടുള്ള ഉത്തരവ് ലഭ്യമാക്കുന്നതിന് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും അനധ്യാപക പ്രതിനിധികൾ സമിതി മുമ്പാകെ അഭ്യർത്ഥിക്കുകയുണ്ടായി.

50. ഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ടെന്നും, ഫണ്ടിന്റെ അപര്യാപ്തതയാണ് ഇതിനുള്ള മുഖ്യ കാരണമെന്നും നിലവിൽ ഹോസ്റ്റലിൽ മെസ് ഇല്ലാത്തതിനാൽ ഭക്ഷണ വിതരണത്തിനായി ടെണ്ടർ നടപടികളിലൂടെ കുടുംബശ്രീയെ ചുമതലപ്പെടുത്തിയിരിക്കുകയാണെന്നും അവർക്ക് 100 രൂപയിൽ താഴെവരുന്ന രീതിയിൽ ഭക്ഷണം തയ്യാറാക്കി നൽകുവാൻ മാത്രമേ സാധിക്കുന്നുള്ളൂവെന്നും ഒരു മാസം ഒരു വിദ്യാർത്ഥിക്ക് സ്റ്റൈഫന്റായി ലഭിക്കുന്ന 3490 രൂപയിൽ 2400 രൂപ ഭക്ഷണത്തിനും ബാക്കി തുക മറ്റ് സൗകര്യങ്ങൾക്കുമായിട്ടാണ് നിലവിൽ ചെലവഴിക്കുന്നതെന്നും അതിനാൽ സ്റ്റൈഫന്റ് തുക ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും കുട്ടികൾക്ക് മെച്ചപ്പെട്ട ഭക്ഷണം ലഭ്യമാക്കുന്നതിനായി കോളേജിന് സ്വന്തമായി ഒരു കിച്ചൺ ആരംഭിക്കുന്നതിനും മെസ്സിനായി കുട്ടികളുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും ആശുപത്രിയുടെ സ്ഥലം ആശുപത്രിയുമായി ബന്ധമില്ലാത്ത മറ്റ് നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കാതെ മെഡിക്കൽ കോളേജിന്റെ ഭാവി വികസനത്തിനായി ഉപയോഗപ്പെടുത്തുവാൻ നടപടി സ്വീകരിക്കണമെന്നും പി.ടി.എ. പ്രതിനിധി സമിതി മുമ്പാകെ ബോധിപ്പിച്ചു.

51. കോളേജിന്റെ മറ്റ് നിർമ്മാണ പ്രവൃത്തികളുടെ ഭരണാനുമതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്നും അവയുടെ പുരോഗതി സംബന്ധിച്ച് പി.ഡബ്ല്യു.ഡി.ക്ക് എന്താണ് പറയാനുള്ളതെന്നും സമിതി ആരാഞ്ഞതിന് ഹോസ്പിറ്റലിന്റെ നിർമ്മാണ പ്രവൃത്തികൾ അവസാനഘട്ടത്തിലെത്തി നിൽക്കുകയാണെന്നും മൂന്ന് ബ്ലോക്കുകളായാണ് പണി ആരംഭിച്ചതെന്നും അതിൽ ഒ.പി.

ബ്ലോക്കിന്റെ  പണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും ഓപ്പറേഷൻ തീയറ്റർ ബ്ലോക്കിന്റെയും വാർഡിന്റെയും പണികൾ അവസാനഘട്ടത്തിലാണെന്നും ഫാൾസ് സീലിംഗിന്റെയും ഡോർ, സാനിറ്ററി ഫിക്സിംഗ് എന്നീ പ്രവൃത്തികളാണ് ഇനി ചെയ്യേണ്ടതായിട്ടുള്ളതെന്നും മാർച്ചിൽ പണി പൂർത്തീകരിക്കണമെന്ന് കോൺട്രാക്ടർക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും ആയത് പൂർത്തീകരിക്കാൻ സാധിക്കില്ലെന്ന് അറിയിച്ചതിനാൽ മെയ് മാസത്തിൽ പണി പൂർത്തീകരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അതനുസരിച്ചുള്ള പ്രവൃത്തികൾ നടന്നുവരികയാണെന്നും ഇന്റേണൽ റോഡ് നിർമ്മാണത്തിനായി നേരത്തെ നൽകിയിരുന്ന ടെണ്ടർ ടെർമിനേറ്റ് ചെയ്ത് പുതിയ ടെണ്ടർ ക്ഷണിച്ചിരിക്കുകയാണെന്നും, സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി നടന്നുവരുന്നുണ്ടെങ്കിലും അതിന്റെ സംമ്പ് കണക്ട് ചെയ്യുന്നതിനുള്ള പ്രവൃത്തികൾ ടി പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ അത് എപ്രകാരമാണ് ചെയ്യേണ്ടതെന്നുള്ള ചർച്ചകൾ നടന്നുവരികയാണെന്നും എസ്റ്റിമേറ്റ് നൽകിയപ്പോൾ അത് ഡ്രെയിനേജ് സംബന്ധിച്ച പ്രവൃത്തിയിൽ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളതെന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും റേറ്റ് റിവിഷൻ വന്നതിനാൽ സാങ്കേതികാനുമതി ലഭിക്കുകയും ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുകയും ചെയ്തിട്ടുണ്ടെന്നും ടെണ്ടർ നടപടി പൂർത്തിയായി കഴിഞ്ഞാൽ ആദ്യം തന്നെ സംമ്പ് ട്രീറ്റ്മെന്റ് പ്ലാന്റുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുമെന്നും മെഡിക്കേറ്റഡ് ഗ്യാസ് ലൈനിന്റെ വർക്കും ആദ്യഘട്ടത്തിൽ ഉൾപ്പെട്ടിരുന്നില്ല എന്നും അത് കെ.എം.എസ്..സി.എൽ. ന്റെ റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടുത്തി ചെയ്യാമെന്ന് തീരുമാനമായെങ്കിലും ചില സാങ്കേതിക പ്രശ്നങ്ങളാൽ അത് പ്രാവർത്തികമായില്ലായെന്നും വർക്ക് ചെയ്യേണ്ട ചില സ്ഥലങ്ങളിൽ ഫാൾസ് സീലിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതിനാൽ അവ പൊളിച്ചുമാറ്റിയാൽ മാത്രമേ ഗ്യാസ് ലൈൻ പ്രവൃത്തികൾ ഇനി ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്നും കഴിഞ്ഞ മാർച്ച് മാസം വരെയായിരുന്നു പീരീഡ് ഓഫ് കോൺട്രാക്ട് ഉണ്ടായിരുന്നതെന്നും മെറ്റീരിയൽസിന്റെ വിതരണവുമായി ബന്ധപ്പെട്ട് ചില തടസ്സങ്ങൾ വന്നതിനാൽ മേയ് മാസം വരെ അതിലൊരു എക്സ്റ്റൻഷൻ ആവശ്യപ്പെട്ടിരുന്നു എന്നും പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

52. സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സംബന്ധിച്ച കോളേജിന്റെ നിലപാട് സമിതി ആരാഞ്ഞതിന്  പാലക്കാട് കോളേജിന്റെ സ്വന്തം ആവശ്യത്തിനായി മറ്റൊരു പ്ലാന്റിന്റെ

പണി പുരോഗമിക്കുന്നതിനാൽ പൊതു ആവശ്യത്തിനായുള്ള സീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് കോളേജ് ക്യാമ്പസിൽ വേണ്ടെന്ന് തന്നെയാണ് കോളേജിന്റെ നിലപാട് എന്ന് കോളേജ് പ്രിൻസിപ്പൽ മറുപടി പറഞ്ഞു.

53. കോളേജ് ഫാക്കൽട്ടി പ്രതിനിധികൾക്ക് എന്താണ് പറയുവാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് ഫാക്കൽട്ടി അസോസിയേഷന്റെ ആവശ്യങ്ങളടങ്ങിയ ഒരു നിവേദനം ബഹുമാനപ്പെട്ട സമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിൽ പ്രധാനം ആശുപത്രിയുടെ പ്രവർത്തനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നതാണെന്നും നിയമപ്രകാരം ഒരു മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നതിനാവശ്യമായ 185 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടാണ് 2016 ഡിസംബറിൽ ഉത്തരവിറങ്ങിയതെന്നും മിനിമം 151 ഫാക്കൽറ്റികൾ വേണമെന്നിരിക്കെ റിട്ടയർ ചെയ്ത 10 ഡോക്ടർമാർ ഉൾപ്പെടെ ആകെ 134 ഡോക്ടർമാരാണ് നിലവിലുള്ളതെന്നും സർജറി വിഭാഗത്തിൽ 5 ഫാക്കൽറ്റികൾ മാത്രമേയുള്ളൂവെന്നും, നിലവിൽ സേവനമനുഷ്ഠിക്കുന്ന ഫാക്കൽറ്റികൾക്ക് തന്നെ സ്ഥിരപ്പെടുത്തി ഉത്തരവില്ലാത്തതിനാൽ 7-ാം ശമ്പള കമ്മീഷൻ ആനുകൂല്യങ്ങളോ, അർഹതപ്പെട്ട പ്രൊമോഷനോ, ഡി.എ. അരിയർ, ഏൺഡ് ലീവ് സറണ്ടർ തുടങ്ങിയ ആനുകൂല്യങ്ങളോ ലഭിക്കുന്നില്ല എന്നും കോളേജിൽ നിലവിൽ പഴയ സ്റ്റാഫ് പാറ്റേണാണ് പിൻതുടരുന്നതെന്നും പുതിയ എൻ.എം.സി. സ്റ്റാഫ് പാറ്റേൺ അനുസരിച്ച് പുതിയ പോസ്റ്റുകൾ സൃഷ്ടിക്കേണ്ടതുണ്ടെന്നും അത്തരം പുതിയ പോസ്റ്റുകളും ഫാക്കൽട്ടികളും ലഭ്യമാക്കിയാൽ മാത്രമേ ഇപ്പോൾ നിലനിൽക്കുന്ന പ്രശ്നം പരിഹരിക്കപ്പെടുകയുള്ളൂയെന്നും ഹോസ്പിറ്റൽ പൂർണ്ണമായി പ്രവർത്തനസജ്ജമാകുമ്പോൾ നിലവിലെ സ്റ്റാഫ് പാറ്റേൺ വച്ച് ഒരു തരത്തിലും മുന്നോട്ട് പോകാൻ സാധിക്കുകയില്ലെന്നും ആനുകൂല്യങ്ങൾ ലഭിക്കാത്തതാണ് 10 പേർ പിരിഞ്ഞ് പോകാനുള്ള കാരണമെന്നും അധ്യാപകരുടെ കുറവും മറ്റ് പഠന സൗകര്യങ്ങളുടെ കുറവും കാരണം അടുത്ത എൻ.എം.സി. ഇൻസ്പെക്ഷൻ വരുമ്പോൾ കോളേജിന്റെ അംഗീകാരം തന്നെ റദ്ദാക്കുന്ന അവസ്ഥയുണ്ടാകുമെന്ന ആശങ്കയുണ്ടെന്നും ഫാക്കൽറ്റി പ്രതിനിധി സമിതിയെ അറിയിച്ചു. ഈ സാഹചര്യം ഒഴിവാക്കുന്നതിനായി ആവശ്യമായ എല്ലാ സൗകര്യങ്ങളും ഉറപ്പ് വരുത്തി ആയത് NMC ഇൻസ്പെക്ഷൻ ടീമിനെ ബോധ്യപ്പെടുത്തേണ്ടതുണ്ടെന്നും അധ്യാപക പ്രതിനിധി സമിതിയെ ബോധ്യപ്പെടുത്തി.

54. മെഡിക്കൽ കോളേജിനായി ഒരു Non Plan ശീർഷകം അനുവദിച്ചിട്ടുണ്ടെങ്കിലും അതിൽ 2022-23 സാമ്പത്തിക വർഷത്തിലുൾപ്പെടെ ഒരു ടോക്കൺ പ്രൊവിഷൻ മാത്രമാണ് നൽകിയിട്ടുള്ളതെന്നും Non Plan ശീർഷകം അനുവദിക്കുന്നതിനായി മുൻകാലങ്ങളിലെ നിയമനങ്ങളുടെ വിശദാംശങ്ങൾ ധനകാര്യ വകുപ്പിന് നൽകണമെന്ന് അറിയിച്ചതിനെ തുടർന്ന് വിശദാംശങ്ങൾ സമർപ്പിച്ചുവെങ്കിലും Non Plan ശീർഷകത്തിൽ തുക അനുവദിച്ചിട്ടില്ല എന്നും കോളേജ് അധികൃതർ സമിതിയെ അറിയിച്ചു.

55. സെക്യൂരിറ്റി ജീവനക്കാരെ നിയമിച്ചിട്ടുണ്ടോയെന്നും പ്രസ്തുത ജോലിയിൽ നിന്നും വനിതകളെ ഒഴിവാക്കിയിട്ടുണ്ടോ എന്നും, പ്രത്യേക പരിശീലനം ലഭിച്ചിട്ടും, വനിതകളാണ് എന്ന കാരണത്താൽ പ്രസ്തുത ജോലിയ്ക്ക് പരിഗണിക്കുന്നില്ല എന്നും നഴ്സിംഗ് അസിസ്റ്റന്റായി ജോലി നോക്കിയിരുന്നവരെ കാരണം കൂടാതെ പിരിച്ചു വിട്ടു എന്നും ഉയർന്നുവന്നിട്ടുള്ള പരാതികൾ സംബന്ധിച്ചും സമിതി ബന്ധപ്പെട്ടവരോട് ആരാഞ്ഞു. സെക്യൂരിറ്റി ജീവനക്കാർ പലപ്പോഴും രാത്രികാലങ്ങളിൽ കൂടി ജോലി ചെയ്യേണ്ടി വരുന്നു എന്ന കാരണത്താലാണ് സ്ത്രീകളെ പരിഗണിക്കാതിരുന്നതെന്നും, ടി വിഷയവും നേഴ്സിംഗ് അസിസ്റ്റന്റിനെ പിരിച്ചുവിട്ട സാഹചര്യവും പരിശോധിക്കുന്നതാണെന്നും കോളേജ് അധികൃതർ സമിതിയെ അറിയിച്ചു.

56. മെഡിക്കൽ കോളേജ് ആശുപത്രി പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാക്കുന്നതിന് ആവശ്യമായ പരിശോധനാ ഉപകരണങ്ങൾ ഉൾപ്പെടെ വാങ്ങുന്നതിനായി 3 ഘട്ടങ്ങളിലായി 15, 156, 15 കോടി രൂപയുടെ വീതം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും DBMS (Database Management System) പോർട്ടൽ തയ്യാറായാൽ മാത്രമേ ഹോസ്പിറ്റലിന്റെ ഭാവി വികസനം ലക്ഷ്യം വച്ചുള്ള പ്രൊപ്പോസൽ തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ എന്നും കോളേജ് അധികൃതർ അറിയിച്ചു.

57. പാലക്കാട് മെഡിക്കൽ കോളേജ്, ആരോഗ്യ വകുപ്പ് ഡയറക്ടറുടേയോ ജില്ലാ മെഡിക്കൽ ഓഫീസറുടേയോ കീഴിൽ വരുന്ന സ്ഥാപനമല്ലെങ്കിൽ കൂടി, മെഡിക്കൽ കോളേജിന് ഡി.ബി.എം.എസ്. പോർട്ടൽ നിലവിലില്ലാത്തതിനാൽ ആന്വൽ ഇൻഡന്റ് സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ മരുന്ന് ലഭ്യമാക്കുന്നത് ഡിസ്ട്രിക്ട് ആശുപത്രി മുഖേനയാണെന്നും അവിടെ നിന്നാണ് ഡി.എം.ഒ.യുടെ കീഴിൽ അല്ലാത്ത സ്ഥാപനത്തിന് മരുന്ന് നൽകേണ്ടി വരുന്നതെന്നും പൂർണ്ണതോതിൽ മെഡിക്കൽ കോളേജ് പ്രവർത്തനക്ഷമമാകുമ്പോൾ ആയത് പ്രായോഗികമാകില്ല എന്നും അതിന് വേണ്ടി മാത്രമായി ആന്വൽ ഇൻഡന്റ് നൽകാനുള്ള സംവിധാനം

ഒരുക്കേണ്ടതായിട്ടുണ്ടെന്നും അത് എസ്.സി.എസ്.ടി. വകുപ്പും കെ.എം.എസ്.സി.എൽ.മായി ചേർന്ന് നിർവ്വഹിക്കേണ്ടതാണെന്ന് ജില്ലാ കളക്ടർ, വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉൾപ്പെടെ പങ്കെടുത്ത യോഗത്തിൽ തീരുമാനമെടുത്തിരുന്നു എന്നും 156 കോടി രൂപയുടെ മെഷനറികളും മരുന്നും ലഭിച്ചാൽ മാത്രമേ സർജറി ഉൾപ്പെടെയുള്ള സേവനങ്ങൾ പൂർണ്ണതോതിൽ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ എന്നും ഡി.എം.ഒ., സമിതിയെ അറിയിച്ചു.

58. 2022-23 സാമ്പത്തികവർഷം മെഡിക്കൽ കോളേജിന്റെ പ്രവർത്തികൾക്കായി 70 കോടി രൂപയാണ് ബഡ്ജറ്റ് മുഖേന അനുവദിച്ചിട്ടുള്ളതെന്നും മുഴുവൻ പ്രവൃത്തികളും നടപ്പു വർഷം തന്നെ പൂർത്തിയാക്കുകയാണെങ്കിൽ 272 കോടി രൂപ അധികമായി വേണ്ടിവരുമെന്നും അതനുസരിച്ചുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്നും സിന്തറ്റിക്ക് ട്രാക്കും വി.ടി. ഭട്ടതിരിപ്പാട് കൾച്ചറൽ സെന്ററും കുട്ടികളുടെ കലാകായിക പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാൻ ഒരു ധാരണാപത്രം സ്പോട്സ് കൗൺസിലും കെ.എസ്.എഫ്.ഡി.സി.യുമായി ഒപ്പിട്ടാൽ മാത്രമേ അത് ഭാവിയിൽ വിദ്യാർത്ഥികൾക്ക് തടസ്സം കൂടാതെ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ എന്നും മെഡിക്കൽ കോളേജിന്റെ മറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടൊപ്പം മോർച്ചറി സംവിധാനമൊരുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ടെന്നും ഫോറൻസിക് സർജന്റെ തസ്തിക സൃഷ്ടിച്ചിട്ടുണ്ടെന്നും കോളേജ് അധികൃതർ തുടർന്ന് സമിതി മുമ്പാകെ ബോധിപ്പിച്ചു.

59. പാലക്കാട് മെഡിക്കൽ കോളേജിലെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സംഘടനകൾ, വിദ്യാർത്ഥി പ്രതിനിധികൾ, അധ്യാപക പ്രതിനിധികൾ, വ്യക്തികൾ എന്നിവർ സമർപ്പിച്ച പരാതികൾ സമിതി സ്വീകരിക്കുകയും, അവരുമായി ആശയവിനിമയം നടത്തുകയും ചെയ്തു. പാലക്കാട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട സർവ്വതല സ്പർശിയായ വിഷയങ്ങളെല്ലാം പ്രസ്തുത യോഗത്തിൽ സമിതി ചർച്ച ചെയ്യുകയും തുടർന്ന് സമിതി വിദ്യാർതഥികളുടെ ഹോസ്റ്റൽ, മെസ്സ് എന്നിവ സന്ദർശിക്കുകയുമുണ്ടായ്. സമിതി നടത്തിയ മേൽപ്പറഞ്ഞ സന്ദർശനത്തിന്റേയും ചർച്ചകളുടേയും നിരീക്ഷണങ്ങളുടേയും നിഗമനങ്ങളുടേയും അടിസ്ഥാനത്തിൽ, സമിതി താഴെപ്പറയും പ്രകാരം നിർദ്ദേശങ്ങളും ശിപാർശകളും നൽകുന്നു.

60. വലുപ്പത്തിൽ മുന്നിലാണെങ്കിലും ആതുര ശുശ്രൂഷ രംഗത്ത് ഏറെ പിന്നിലായ

പാലക്കാട് ജില്ലയിൽ അപകടത്തിൽപ്പെടുന്നവരുൾപ്പെടെ വിദഗ്ദ്ധ ചികിത്സ ആവശ്യമായ ഗുരുതരാവസ്ഥയിൽപ്പെട്ട രോഗികൾക്കൊക്കെ പ്രാഥമിക ശുശ്രൂഷ നൽകിയ ശേഷം അവരെ തൃശ്ശൂർ മെഡിക്കൽ കോളേജിലേക്കോ, കോയമ്പത്തൂരിലേക്കോ പറഞ്ഞയയ്ക്കേണ്ടി വരുന്ന നിലവിലെ സ്ഥിതിക്ക് മാറ്റമുണ്ടാവണമെങ്കിൽ പാലക്കാട് മെഡിക്കൽ കോളേജ് കഴിയുന്നത്ര പെട്ടെന്ന് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാവേണ്ടതുണ്ട്. എന്നാൽ 2014-ൽ പ്രവർത്തനമാരംഭിക്കുകയും 3 ബാച്ച് വിദ്യാർത്ഥികൾ പഠനം പൂർത്തീകരിക്കുകയും ചെയ്തുവെങ്കിലും ഹോസ്പിറ്റൽ ബ്ലോക്ക് പൂർത്തീകരിക്കാത്തതിനാൽ ഈ മെഡിക്കൽ കോളേജിന് അതിന്റെ സ്ഥാപിത ലക്ഷ്യം കൈവരിക്കുവാൻ സാധിച്ചിട്ടില്ല എന്നത് ഒരു വസ്തുതയാണ്. ആയതിനാൽ പ്രവൃത്തികൾ നടന്നുവരുന്ന മെഡിക്കൽ കോളേജിന്റെ ആശുപത്രി ബ്ലോക്കിന്റെ ഭാഗമായ OPD ബ്ലോക്ക്, ഓപ്പറേഷൻ തിയേറ്റർ, വാർഡ് ബ്ലോക്ക്, ഇലക്ട്രിക് സബ് സ്റ്റേഷൻ, ആശുപത്രിയുടെ ഇലക്ട്രോണിക് വർക്കുകൾ, മെഡിക്കൽ കോളേജിന്റെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, ഇലക്ട്രിക് സബ്സ്റ്റേഷനിൽ നിന്നും ആശുപത്രിയിലേക്കുള്ള കേബിളിംഗ് പ്രവൃത്തികൾ എന്നിവ അടിയന്തരമായും സമയബന്ധിതമായും പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

61. മെഡിക്കൽ കോളേജ് പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാകുവാൻ ആവശ്യമായ മോർച്ചറി, ഡ്രെയിനേജ് സംവിധാനം, സ്ട്രീറ്റ് ലൈറ്റുകൾ, ബോയിലർ മാനിഫോൾഡ് ബിൽഡിംഗ്, മോഡുലാർ ഓപ്പറേഷൻ തിയേറ്റർ, മോഡുലാർ ലാബ് എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

62. മേൽ ഖണ്ഡികകളിൽ സൂചിപ്പിച്ചിരിക്കുന്ന നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കുന്നതിന് പ്രധാന തടസ്സം ആവശ്യമായ ഫണ്ടിന്റെ അപര്യാപ്തതയാണെന്ന് കാണുന്നു. നിലവിൽ SC വകുപ്പിന്റെ fund-നെയാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുഖ്യമായി ആശ്രയിക്കുന്നതെന്നും സമിതിക്ക് ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ കാണുന്നു. ഈ സാഹചര്യത്തിൽ പാലക്കാട് മെഡിക്കൽ കോളേജ് ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തികൾക്കായി അനുവദിച്ചിട്ടുള്ള 4225-01-277-89-01 മരാമത്തുകൾ എന്ന ശീർഷകത്തിൽ മേൽ പ്രവ്ൃത്തികൾക്കാവശ്യമായ തുക കണക്കാക്കി ആയതു നടപ്പ സാമ്പത്തിക വർഷം തന്നെ അധികധനാനുമതി മുഖേന പ്രസ്തുത പദ്ധതി ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

63. IP ആരംഭിക്കുന്നതിന് ആവശ്യമായ പുതിയ കെട്ടിടം/ഓപ്പറേഷൻ തീയേറ്റർ

തുടങ്ങിയവയുടെ നിർമ്മാണത്തിന് KIIFB യുടെ സഹായം ലഭ്യമാക്കുന്നതിനുള്ള സാധ്യത ഗൗരവമായി പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

64. മെഡിക്കൽ കോളേജ് കാമ്പസിലെ ഇന്റേർണൽ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

65. ഓവർഹെഡ് മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ പ്രവർത്തി പൂർത്തീകരിക്കാതെ, സീലിംഗിന്റെ പണി പി.ഡബ്ല്യൂ.ഡി. പൂർത്തിയാക്കുന്ന പക്ഷം ഗ്യാസ് പൈപ്പ്ലൈൻ സ്ഥാപിക്കുന്ന സമയം ആയത് പൊളിച്ച് നീക്കേണ്ടി വരും എന്നത് അധികചെലവിന് കാരണമാകും എന്ന് നിരീക്ഷിച്ച സമിതി KMSCL മുഖേന നടപ്പാക്കുന്ന മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈനിന്റെ പ്രവർത്തി അടിയന്തരമായി പൂർത്തീകരിക്കുവാൻ ശിപാർശ ചെയ്യുന്നു.

66. ഹൗസ് സർജൻമാർക്ക് നിലവിൽ ഹോസ്റ്റൽ സൗകര്യം ഇല്ലാത്തതിനാൽ മെൻസ് ഹോസ്റ്റലിൽ അവർക്ക് ഒരുക്കിയിട്ടുള്ള താത്കാലിക താമസസൗകര്യം പലവിധ അസൗകര്യങ്ങൾക്ക് കാരണമാകുന്നു എന്ന് മനസിലാക്കിയ സമിതി ഇന്റേൺസ് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

67. പുറത്ത് പാചകം ചെയ്ത ഭക്ഷണം ഹോസ്റ്റലിൽ എത്തിച്ച് കുട്ടികൾക്ക് വിതരണം ചെയ്യുന്ന നിലവിലെ സംവിധാനം പലപ്പോഴും ഭക്ഷ്യവിഷബാധയ്ക്ക് കാരണമായിട്ടുണ്ടെന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെടുകയും ആകയാൽ അധ്യാപക-വിദ്യാർത്ഥി പങ്കാളിത്തത്തോടെ ഹോസ്റ്റലിന് സ്വന്തം നിലയിൽ മെസ് സൗകര്യം ഏർപ്പെടുത്തുവാനും ശുദ്ധമായ കുടിവെള്ള വിതരണ സംവിധാനം ഒരുക്കുവാനും സത്വര നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

68. മെഡിക്കൽ കോളേജിൽ കിടത്തി ചികിത്സ ആരംഭിക്കാത്തതും അധ്യാപക-അനധ്യാപക നിയമനങ്ങളിലെ കുറവും വിദ്യാർത്ഥികളുടെ പഠനത്തെ സാരമായി ബാധിക്കുന്നുണ്ടെന്ന് സമിതി വിലയിരുത്തി. കോളേജിൽ 185 അധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെട്ടുവെങ്കിലും NMC മാനദണ്ഡപ്രകാരം 151 അധ്യാപകരെ ആവശ്യമായിരുന്നിട്ടും റീ എംപ്ലോയിമെന്റ് വഴി നിയമിക്കപ്പെട്ട 10 അധ്യാപകരുൾപ്പെടെ ആകെ 134 അധ്യാപകർ മാത്രമേ നിലവിൽ സേവനമനുഷ്ഠിക്കുന്നുള്ളൂ. അദ്ധ്യാപകരുടെ കുറവ് വിദ്യാർത്ഥികളുടെ പഠന നിലവാരത്തെയും ആശുപത്രി പ്രവർത്തനത്തെയും ബാധിക്കുന്നുണ്ടെന്നുള്ളതിനാൽ NMC മാനദണ്ഡപ്രകാരം ആവശ്യമുള്ള എല്ലാ തസ്തികകളിലേക്കും പി.എസ്.സി. വഴി സ്ഥിര നിയമനം നടത്തുവാൻ നടപടി

സ്വീകരിക്കണമെന്നും അതുവരെയുള്ള കാലയളവിൽ അധ്യാപകരെ അന്യത്രസേവന വ്യവസ്ഥയിലോ മറ്റ് വ്യവസ്ഥാപിത മാർഗങ്ങളിലൂടെയോ നിയമിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

69. IMG നടത്തിയ എഴുത്തുപരീക്ഷയുടേയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ 2014-ൽ നിയമിച്ചിട്ടുള്ള അനധ്യാപകരുടെ തസ്തികകളിലെ നിയമനം റെഗുലറൈസ് ചെയ്യുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ സമിതി നിർദ്ദേശിക്കുന്നു.

70. മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള ചെലവുകളും നിലവിൽ എസ്.സി. വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും വഹിക്കുന്നതിനാൽ ഫണ്ടിന്റെ ലഭ്യത കുറവ് ശമ്പള വിതരണത്തിനും ഉദ്യോഗസ്ഥർക്ക് അർഹതപ്പെട്ട മറ്റ് സാമ്പത്തികാനുകൂല്യങ്ങളുടെ വിതരണത്തിനും തടസ്സമാകുന്നു എന്നും സമിതി മനസിലാക്കുന്നു. പട്ടിക വിഭാഗ വിദ്യാർത്ഥികൾക്കായുള്ള പൊതു ഫണ്ടിൽ നിന്നും ഇത്രയധികം തുക മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾക്ക് മാത്രമായി നീക്കിവയ്ക്കുമ്പോൾ, പ്രസ്തുത വിഭാഗത്തിലുള്ളവരുടെ പൊതുവായ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിഘാതം സൃഷ്ടിക്കുവാനിടയുണ്ട്. ഈ സാഹചര്യത്തിൽ പാലക്കാട് മെഡിക്കൽ കോളേജിന് കൂടുതൽ ബഡ്ജറ്ററി സപ്പോർട്ട് അനിവാര്യമാണെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ജീവനക്കാരുടെ ശമ്പള വിതരണത്തിനും മെഡിക്കൽ കോളേജിന്റെ മറ്റ് ദൈനംദിന പ്രവർത്തനങ്ങൾക്കും ആവശ്യമായ തുക കണക്കാക്കി ആയത് മുഴുവനും നിലവിൽ അനുവദിച്ചിട്ടുള്ള Non Plan ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

71. പാലക്കാട് മെഡിക്കൽ കോളേജിൽ പി.ജി., നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

72. മെഡിക്കൽ കോളേജിന്റെ ഭാവി വികസനത്തിന് നിലവിലുള്ള 50 ഏക്കർ ഭൂമി പര്യാപ്തമല്ലാത്തതിനാൽ, റവന്യൂ വകുപ്പ് ഏറ്റെടുത്തതിൽ ബാക്കിയുള്ള 27.8 ഏക്കർ ഭൂമിയിൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാത്ത ഭൂമി മെഡിക്കൽ കോളേജിന്റെ ഭാവി വികസനത്തിനായി എസ്.സി. വകുപ്പിന് പൂർണ്ണമായി വിട്ടുകൊടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

73. ജില്ലാ ആശുപത്രി മുഖേന മരുന്നുകൾ വാങ്ങുന്നതിന് ഭാവിയിൽ സാങ്കേതിക തടസ്സങ്ങൾ ഉണ്ടാകുവാനിടയുള്ളതിനാലും ഡി.ബി.എം.എസ്. പോർട്ടൽ മുഖേനയാണ്

മരുന്നുകൾ ഉൾപ്പെടെ ആശുപത്രിക്കാവശ്യമായ സാധനങ്ങൾ വാങ്ങുവാൻ പ്രൊപ്പോസൽ കൊടുക്കേണ്ടത് എന്നതിനാലും DBMS യാഥാർത്ഥ്യമാക്കി Annual intend/ പർച്ചേസ് ഓർഡർ ആയത് മുഖേന സമർപ്പിക്കുവാൻ സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

74. മെഡിക്കൽ കോളേജിനായി ഏറ്റെടുത്ത 50 ഏക്കർ ഭൂമി, ഏറ്റെടുത്ത ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ എന്ന്, ഭൂമി കൈവശാവകാശം പട്ടികജാതി വകുപ്പിന് നൽകികൊണ്ടുള്ള റവന്യൂ വകുപ്പിന്റെ 23.02.2013-ലെ GO (MS) 66/2013/റവ. നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ മെഡിക്കൽ കോളേജിനായി ഏറ്റെടുത്തിട്ടുള്ള 50 ഏക്കർ ഭൂമി തന്നെ, ആയതിന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്ക് അപര്യാപ്തമാണെന്നിരിക്കെ പാലക്കാട് മുനിസിപ്പാലിറ്റിയുടെ സെപ്റ്റേജ് പ്ലാന്റ് ക്യാമ്പസിനകത്ത് സ്ഥാപിക്കുന്നത് മെഡിക്കൽ കോളേജിന്റെ ഭാവിവികസനത്തെ പ്രതികൂലമായി ബാധിക്കും. ആയതിനാൽ, പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭാവി വികസനത്തിന് സ്ഥലപരിമിതി ഒരു തടസ്സമാകാതിരിക്കുവാൻ നഗരസഭയുടെ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് അനുയോജ്യമായ മറ്റ് സ്ഥലം കണ്ടെത്തുവാൻ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

75. മെഡിക്കൽ കോളേജിന്റെ ആവശ്യങ്ങൾക്ക് വാഹനങ്ങൾ ലീസിനെടുക്കുന്നത് സാമ്പത്തിക ബാധ്യത വർദ്ധിപ്പിക്കുന്നതിനാലും അടിയന്തര ആവശ്യങ്ങൾക്ക് കോളേജിലെ സ്വന്തമായി വാഹനം ഉണ്ടാവേണ്ടത് അനിവാര്യമായതിനാലും മെഡിക്കൽ കോളേജിന് അത്യാവശ്യം വേണ്ട വാഹനങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കണമെന്നുംആയതിലേയ്ക്ക് തുക വകയിരുത്തണമെന്നുംസമിതി നിർദ്ദേശിക്കുന്നു.

76. നിലവിൽ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്റ്റൈപന്റ് തുക അപര്യാപ്തമായതിനാൽ ഇത് കാലോചിതമായി പരിഷ്കരിക്കണമെന്ന് സമിതി പ്രത്യേകം ശിപാർശ ചെയ്യുന്നു.

77. മെഡിക്കൽ കോളേജിലെ സെക്യൂരിറ്റി ജീവനക്കാരുടെ നിയമനങ്ങൾ നടത്തുമ്പോൾ അവയിൽ ലിംഗവിവേചനം ഉള്ളതായി പരാതി ഉയർന്നിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത വിഷയം പരിഹരിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

78. പാലക്കാട് ജില്ലയിലെ സാധാരണ ജനങ്ങൾ മികച്ച ചികിത്സാ സൗകര്യങ്ങൾക്കായി തൃശ്ശൂർ മെഡിക്കൽ കോളേജിനേയും കോയമ്പത്തൂർ മെഡിക്കൽ

കോളേജിനേയും ആശ്രയിക്കുന്ന നിലവിലെ സ്ഥിതിക്ക് ശാശ്വതമായ പരിഹാരം കാണുന്നതിനും പാലക്കാട് മെഡിക്കൽ കോളേജിന്റെ ഉദ്ദേശലക്ഷ്യം കൈവരിക്കുന്നതിനും ഈ മെഡിക്കൽ കോളേജിലെ OP യും IP യും പൂർണ്ണമായും പ്രവർത്തന സജ്ജമാക്കേണ്ടതുണ്ട്. OP യുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിലും ആയത് കാര്യക്ഷമമല്ലെന്ന് സമിതിയുടെ നേരിട്ടുള്ള പരിശോധനയിൽ ബോധ്യപ്പെടുകയുണ്ടായി. ആയതിനാൽ OP യുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

79. പാലക്കാട് മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് അനിവാര്യമായ ക്ലിനിക്കൽ പരിശീലനം ഉറപ്പുവരുത്തുന്നതിനും മെഡിക്കൽ കോളേജ് ആശുപത്രിയുടെ സേവനം പൊതുജനങ്ങൾക്ക് മികച്ച നിലയിൽ ലഭ്യമാക്കുന്നതിനും എെ.പി. വിഭാഗം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കേണ്ടതുണ്ട്. കൂടാതെ അട്ടപ്പാടി മേഖലയിലെ ശിശുമരണം പരമാവധി ഒഴിവാക്കുന്നതിനും ആദിവാസി മേഖലയിൽപ്പെട്ട ജനവിഭാഗങ്ങൾക്ക് മികച്ച ചികിത്സാ സൗകര്യങ്ങൾ ഏറ്റവും കുറഞ്ഞ ചെലവിലും കുറഞ്ഞ സമയത്തിനുള്ളിലും ലഭ്യമാക്കുന്നതിനായി പാലക്കാട് മെഡിക്കൽ കോളേജ് ആശുപത്രിയുടെ പ്രവർത്തനം പ്രയോജനപ്പെടുത്തുവാൻ കഴിയുമെന്ന് സമിതി കണക്കാക്കുന്നു. ഈ സാഹചര്യത്തിൽ കെട്ടിട നിർമ്മാണവും മറ്റ് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും അടിയന്തരമായി പൂർത്തീകരിച്ച് എെ.പി. വിഭാഗം പൂർണ്ണതോതിൽ ആരംഭിക്കുവാൻ സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

80. പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉന്നത തലത്തിൽ ചർച്ച നടത്തി തീരുമാനമെടുക്കണമെന്നും പ്രവർത്തന പുരോഗതി നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ഒരു ഉന്നത ഉദ്യോഗസ്ഥനെ പ്രത്യേകം ചുമതലപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

പാലക്കാട് മെഡിക്കൽ കോളേജിലെ അപര്യാപ്തതകൾ പരിഹരിച്ച് ഈ സ്ഥാപനത്തെ പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാക്കിയാൽ ആയത് പാലക്കാട് ജില്ലയുടെ മാത്രമല്ല കേരളത്തിന്റെ തന്നെ പൊതുവായ ആതുര സേവന രംഗത്ത് ഒരു മുതൽക്കൂട്ടാകുമെന്നും ആധുനിക ചികിത്സാ സൗകര്യങ്ങൾ ദുർബ്ബല വിഭാഗങ്ങൾക്കും പ്രാപ്യമാക്കുന്നതിന് ഏറെ സഹായിക്കുമെന്നും സമിതി പ്രത്യാശിക്കുന്നു.

തിരുവനന്തപുരം
.07.2022

**ഒ.ആർ. കേളു**
അദ്ധ്യക്ഷൻ,
പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
സംബന്ധിച്ച സമിതി